ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഇതിൽ മുഴുവൻ ആളുകളേയും എടുത്തുകഴിഞ്ഞിട്ടില്ല. എടുക്കാൻ ആർഡർ കൊടുത്തതേയുള്ളു. വേക്കൻസി അനുസരിച്ചാണ് എടുത്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് എല്ലാവരേയും എടുത്തുകഴിഞ്ഞിട്ടില്ല. എടുക്കാൻ കൽപ്പന കൊടുത്തിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ്: അപ്പോഴും തിരിച്ചെടുക്കാനുള്ള മുഴുവൻ ആളുകളേയും തിരിച്ചെടുക്കാൻ ഉത്തരവു പുറപ്പെടുവിച്ചു എന്നാണോ മനസ്സിലാക്കേണ്ടത്?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഉത്തരവു പുറപ്പെടുവിച്ചുകഴിഞ്ഞു. വേക്കൻസിയുണ്ടാകുന്നത് അനുസരിച്ച് എടുക്കും.

ശ്രീ. കെ. സി. വാമദേവൻ: ഏതാനുംപേർ സമരംനടത്തിയതിന്റെ പേരിൽ സസ്പെൻഷനു വിധേയരായിട്ടുണ്ട്. അവരെ എസ്. എ. പി. യിലോ മറേറതെങ്കിലും വകുപ്പിലോ നിയമിക്കുന്നതിന് ഉത്തരവുകൊടുത്തിട്ടുണ്ടോ, അങ്ങനെയുണ്ടെങ്കിൽ എത്രപേർക്ക്?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അങ്ങനെയുള്ളവരെയാണ് പോലീസിൽ നിയമിക്കാതെ മററു ഡിപ്പാർട്ടുമെൻറുകളിൽ നിയമിക്കാമെന്നു പറഞ്ഞത്. അവരുടെ നമ്പർ ഞാൻ നേരത്തെ പറഞ്ഞു.

ശ്രീ. ബി. മാധവൻനായർ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ ലിസ്റിൽത്തന്നെ ഇനിയും നൂറോളംപേരെ നിയമിക്കേണ്ടതായിട്ടുണ്ടെന്നുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെടുത്തിയാൽ അടിയന്തിരമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: തീർച്ചയായിട്ടും.

ശ്രീ. കെ. കരുണാകരൻ: വരുന്ന വേക്കൻസികളിൽ ഇവരെക്കൊണ്ടു ഫില്ലപ്പുചെയ്തതിനുശേഷംമാത്രമേ മററുവിധത്തിലുള്ള റിക്രൂട്ടുമെൻറുകൾ നടത്താവൂ എന്നു നിർദ്ദേശംകൊടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നേരത്തെയുള്ള വല്ല കരാറും അതിനു തടസ്സമായി നിൽക്കുന്നോയെന്ന് എനിക്കറിഞ്ഞുകൂടാ. ഏതായാലും കഴിയുന്നതുംവേഗം ഇവരെ തിരിച്ചെടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

വ്യാവസായിക വികസനം

* 115 (400) ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വ്യാവസായിക വികസനത്തിനായി ഈ സംസ്ഥാനത്ത് വൻകിട വ്യവസായങ്ങൾ സ്ഥാപിക്കുവാൻ ഏതെങ്കിലും വിദേശ രാജ്യങ്ങളിൽനിന്നും ഗവൺമെൻറിന് വല്ല ഓഫറുകളും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അതിന്റെ വിശദാംശങ്ങൾ എന്തെല്ലാം?

തൊഴിലും വ്യവസായവുംമന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ, ബി) ഓഫറുകളൊന്നും ഗവൺമെൻറിനു ലഭിച്ചിട്ടില്ല. എന്നാൽ ചില വ്യവസായങ്ങൾ തുടങ്ങുന്നതിന് വിദേശരാജ്യങ്ങളുടെ സാങ്കേതികസഹകരണം ഉപയോഗിക്കുന്നുണ്ട്. ചീനക്കളിമണ്ണ് സംസ്കരിക്കുന്നതിനും ഒട്ടുപടം നിർമ്മിക്കുന്നതിനും ക്രോക്കറിനിർമ്മാണം വികസിപ്പി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതിനും ബ്രൈഡസെൽ ബാറ്ററി നിർമ്മിക്കുന്നതിനും പെട്രോ-കെമിക്കൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും ജാപ്പനീസ് സഹകരണം ഉപയോഗിക്കുന്നുണ്ട്.

കൂടാതെ കോഴിക്കോട്ടെ ഇരുമ്പയിര് ഉപയോഗിച്ച് ഒരു സ്റ്റീൽ ബില്ലറ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് തായ്ലൻറിലുള്ള ഒരു കമ്പനിയുമായി കൂട്ടുചേരുന്നതാണ്. ഹംഗറി, ചെക്കോസ്ലോവാക്കിയ എന്നിവിടങ്ങളിൽ നിന്നുമുള്ള പ്രതിനിധികളുമായും പുതിയ വ്യവസായനിർദ്ദേശങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: മുൻവ്യവസായമന്ത്രി ശ്രീ. ടി. വി. തോമസ് ജപ്പാൻ സന്ദർശനംനടത്തിയപ്പോൾ നിരവധിവ്യവസായങ്ങൾ സ്ഥാപിക്കാൻ ആഫർ കിട്ടിയിട്ടുണ്ടെന്നും അതിന്റെ റിപ്പോർട്ട് സന്ദർശനത്തിനുശേഷം മന്ത്രിസഭയ്ക്ക് നൽകിയിട്ടുണ്ടെന്നും എന്നാൽ മുൻ മുഖ്യമന്ത്രി അതു പൂഴ്ത്തിവച്ചതായും അപ്പോഴത്തെ വ്യവസായമന്ത്രി പരാതിപ്പെടുകയുണ്ടായി. ഇപ്പോഴത്തെവ്യവസായമന്ത്രി ആ റിപ്പോർട്ട് കണ്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അതൊന്നു പ്രസിദ്ധപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. പി. രവീന്ദ്രൻ: അതു പ്രസിദ്ധപ്പെടുത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെൻറ് തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇവിടത്തെ ഇരുമ്പയിരുപയോഗിച്ച് ജപ്പാന്റെ സഹായത്തോടുകൂടി ഒരു പ്ലാൻറ് ആരംഭിക്കാമെന്നും എന്നാൽ മറ്റുചിലർ അതിനു തടസ്സമായി നിൽക്കുന്നുവെന്നും മുൻ വ്യവസായ മന്ത്രി പറയുകയുണ്ടായി. എന്നാൽ ഇപ്പോഴും ആ പദ്ധതി നടപ്പിലാക്കുന്നതിന് എന്താണ് തടസ്സം. മുൻ വ്യവസായമന്ത്രി പറഞ്ഞതു ശരിയല്ലെങ്കിൽ അതു തിരുത്താൻ തയ്യാറാകുമോ?

ശ്രീ. പി. രവീന്ദ്രൻ: പരിശോധിച്ചതിനുശേഷമേ പറയാൻ പറ്റുകയുള്ളൂ.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: കോഴിക്കോട്ടെ ഇരുമ്പയിര് ഖനനം ചെയ്യുന്നതിന് ജപ്പാനുമായിട്ട് ചേർന്ന് ചില പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും അതിന് ചിലർ തടസ്സം നിൽക്കുന്നുവെന്നുമാണ് പറഞ്ഞിരുന്നത്. എന്നാൽ ഇപ്പോഴും ഇതിന് തായിലൻറുമായി പങ്കുചേരാൻ ഉദ്ദേശിക്കുന്നു എന്നാണ് പറയുന്നത്. ഈ കഴിഞ്ഞ 3 മാസത്തിനിടയിൽ ഇരുമ്പയിരു കുഴിച്ചെടുക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു പറയാമോ?

ശ്രീ. പി. രവീന്ദ്രൻ: ഇരുമ്പയിര് സ്റ്റീൽ ബില്ലറ്റ് സ്ഥാപിക്കാൻവേണ്ടി തായിലൻറുമായിട്ട് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഇരുമ്പയിര് എത്രത്തോളം ഉണ്ടെന്നും മറ്റുമാലോചിച്ച് ഇവിടത്തെന്നെ ഉപയോഗപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly